**POLICE** **DEPARTMENT**

**KERALA**

**No. E2-18620/2018/K**
District Police Office,
Kottayam
spktym.pol@kerala.gov.in
04812562204
Dated. 20-06-2018

**ലേലപരസ്യം**

കോട്ടയം ജില്ലാ പോലീസ് ഡിസ്ട്രിക്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽ സൂക്ഷിച്ചിരിക്കുന്നതും പോലീസ് വകുപ്പിന് ഉപയോഗം ഇല്ലാത്തതുമായ ചുവടെ ചേർത്തിരിക്കുന്ന ഉപയോഗശൂന്യമായ ടയർ, ട്യൂബ്, ഫ്ലാപ് എന്നിവ 18.07.2018 തീയതി പകൽ 11 മണിക്ക് കോട്ടയം ജില്ലാ പോലീസ് ഡിസ്ട്രിക്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽ (സായുധസേനാ ക്യാമ്പിൽ) വച്ച് പരസ്യമായി ലേലം/ടെണ്ടർ വഴി വിൽപ്പന നടത്തുന്നതാണ്.

| Sl No | Type / Size | Quantity | Caution deposit |
|---|---|---|---|
| 1 | 9.00/20 Tyre | 4 | 160 |
| 2 | 9.00/20 Tube | 5 | 10 |
| 3 | 9.00/20 Flap | 4 | 3 |
| 4 | 7.50/16 Tyre | 5 | 65 |
| 5 | 7.50/16 Tube | 7 | 11 |
| 6 | 7.50/16 Flap | 16 | 11 |
| 7 | 6.00/16 Tyre | 8 | 104 |
| 8 | 6.00/16 Tube | 6 | 9 |
| 9 | 6.00/16 Flap | 7 | 5 |
| 10 | 215/75/R-15 Tyre | 79 | 869 |
| 11 | 215/75/R-15 Tube | 12 | 14 |
| 12 | 205/65/R-15 Tyre | 35 | 385 |
| 13 | 205/65/R-15 Tube | 5 | 6 |
| 14 | 195/80/R-15 Tyre | 15 | 150 |
| 15 | 195/80/R-15 Tube | 4 | 5 |
| 16 | 195/70/R-14 Tyre | 5 | 50 |
| 17 | 195/70/R-14 Tube | 2 | 2 |
| 18 | 185/85/R-16 Tyre | 45 | 495 |
| 19 | 185/85/R-16 Tube | 14 | 17 |
| 20 | 3.25/19 Tyre | 19 | 38 |
| 21 | 3.25/19 Tube | 6 | 6 |
| 22 | 3.50/10 Tyre | 31 | 37 |
| 23 | 3.50/10 Tube | 17 | 17 |
| 24 | 3.00/18 Tyre | 24 | 48 |

| | | | |
|---|---|---|---|
| 25 | 3.00/18 Tube | 15 | 15 |
| 26 | 2.75/18 Tyre | 15 | 30 |
| 27 | 2.75/18 Tube | 10 | 12 |
| 28 | 90/90/12 Tyre | 2 | 2 |
| 29 | 100/90/18 Tyre | 3 | 4 |
| Total | | | 2580 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. കൂടാതെ ഇതിലേയ്ക്ക് സീൽ ചെയ്ത ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകളുടെ പുറത്ത് ഉപയോഗശൂന്യമായ ടയർ, ട്യൂബ്, ഫ്ലാപ് എന്നിവയുടെ ക്വട്ടേഷൻ എന്നെഴുതി കോട്ടയം ജില്ലാ പോലീസ് മേധാവിക്ക് 16.07.2018 തീയതിക്ക് മുമ്പായി ലഭിക്കത്തക്കവിധം നേരിട്ടോ തപാൽ മുഖേനയോ നൽകാവുന്നതാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം അടച്ച രസീതുമുണ്ടായിരിക്കണം.

ലേലം കഴിഞ്ഞാലുടൻ ക്വട്ടേഷനുകൾ തുറക്കുന്നതും, ലേലത്തിലോ ക്വട്ടേഷനിലോ ഏതിൽ ആണോ കൂടുതൽ തുക വരുന്നത് ആ ആളിന് ലേലം സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതും ടിയാൻ ലേലസംഖ്യയുടെ പകുതിയും മൊത്തം തുകയുടെ വിൽപ്പനനികുതിയും അപ്പോൾത്തന്നെ അടയ്ക്കേണ്ടതും ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ചാലുടൻ ബാക്കി തുക അടച്ച് ടി സാധനങ്ങൾ സ്വന്തം ചിലവിൽ കോട്ടയം ജില്ലാ പോലീസ് ഡിസ്ട്രിക്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരികെ നൽകുന്നതാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ മുഴുവൻ സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിനെന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ലേലം കൊണ്ടയാളിൽനിന്നും ഈടാക്കുന്നതും കൂടുതൽ തുക ലഭിച്ചാൽ ആയതിനു ടിയാന് അർഹത ഉണ്ടായിരിക്കുന്നതുമല്ല.

മേൽ പ്രസ്താവിച്ചിരിക്കുന്ന സാധനങ്ങൾ ലേലത്തിനു തൊട്ടു മുൻപുള്ള 10 പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയത്ത് കോട്ടയം ജില്ലാ പോലീസ് ഡിസ്ട്രിക്ട് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും ബന്ധപ്പെട്ടവരുടെ അനുമതിയോടു കൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റിവയ്ക്കുന്നതിനും ലേലം അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം കോട്ടയം ജില്ലാ പോലീസ് മേധാവിക്കുണ്ടായിരിക്കുന്നതാണ്.



Hari Sankar IPS
District Police Chief